ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

22 (2493) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളെയാണ് ഇ-ഡിസ്ട്രിക്റ്റ് ആയി പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് ഭരണ സംവിധാനത്തിൽ വരുത്തിയിട്ടുള്ളത് ;

(സി) പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുമൂലം ഉണ്ടാകുന്നത് ;

(ഡി) മറ്റുജില്ലകളെ ഇ-ഡിസ്ട്രിക്റ്റ് ആയി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളെയാണ് ഇ-ഡിസ്ട്രിക്റ്റ് ആയി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി വില്ലേജ്, താലൂക്ക് ഓഫീസുകൾവഴി സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ രൂപത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ആദ്യഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി ഇലക്ട്രോണിക് സേവന വിതരണ ചട്ടങ്ങൾ 2010 കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടത്തിലൂടെ വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കേണ്ട 23 സേവനങ്ങൾക്ക് ഒരു പൊതു അപേക്ഷാ ഫാറം രൂപകൽപന ചെയ്യുകയും ഈ 23 സേവനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകളുടെ മാതൃകയിൽ ആവശ്യമായ ഭേദഗതി വരുത്തി അത് ഓൺ ലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുകയുണ്ടായി.

(സി) വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവവഴി 23 വ്യത്യസ്ത സേവനങ്ങൾ പൊതുജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ ലഭ്യമാക്കിവരുന്നു. ഈ 23 സർട്ടിഫിക്കറ്റുകൾക്കും അപേക്ഷ നൽകുന്നതിനായി പൊതുജനങ്ങൾ നേരിട്ട് അതതു ഓഫീസുകളിൽ പോകുന്നതിനുപകരം ഏറ്റവും അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ നിന്നും ഓൺ ലൈനായി അപേക്ഷ സമർപ്പിച്ചാൽ മതി. വില്ലേജ്, താലൂക്ക് ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്ന ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾവഴി ഓൺ ലൈനായി ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

(ഡി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി മറ്റുജില്ലകളിൽ വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഒരു കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മറ്റുജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly